**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6143** **09-11-2021 - ൽ മറുപടിയ്ക്ക്**

**കൊടുവള്ളി മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **Shri Roshy Augustine**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കൊടുവള്ളി മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ വിവിധ വിഭാഗങ്ങൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ; | (എ) | ഭൂജലവകുപ്പ് മുഖേന കൊടുവള്ളി മണ്ഡലത്തിൽ നരിക്കുന്നി പഞ്ചായത്തിൽ പാലങ്ങാട് സബ് സെന്ററിൽ കൃത്രിമ ഭൂജലസംപോഷണ പദ്ധതി നടപ്പിലാക്കി വരുന്നു. ഐ.ഡി.ആർ.ബി യുടെ കീഴിൽ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. 1. കൊള്ളിക്കൽ റിവർഗേജ് സ്റ്റേഷന്റെ 8,20,000/- രൂപയുടെ പുനരുദ്ധാരണ പ്രവൃത്തി സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. 2. കൂടത്തായി റിവർഗേജ് സ്റ്റേഷന്റെ 11,57,000/- രൂപയുടെ പുനരുദ്ധാരണ പ്രവൃത്തി സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കെ.ആർ.ഡബ്ല്യൂ.എസ്സ്. മുഖേന സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി കൊടുവള്ളി, കിഴക്കോത്ത്, മടവൂർ, നരിക്കുനി, ഓമശ്ശേരി എന്നീ ഗ്രാമ പഞ്ചായത്തുകളിലെ ജലനിധി ഒന്നാം ഘട്ടത്തിലെ 51 പദ്ധതികൾ പുനരുദ്ധാരണ നവീകണ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടി തിരഞ്ഞെടുത്തിരുന്നു. അതിൽ കൊടുവള്ളി മുനിസിപ്പാലിറ്റിയിൽ 10 പദ്ധതികളും, കിഴക്കോത്ത് -9 പദ്ധതികളും, മടവൂർ- 11 പദ്ധതികളും, ഓമശ്ശേരി – 11 പദ്ധതികളും 2020-21 കാലയളവിനുള്ളിൽ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി. മേൽ സൂചിപ്പിച്ചവയ്ക്കു പുറമെ നരിക്കുനി പഞ്ചായത്തിലെ 2 പദ്ധതികൾ, ഓമശ്ശേരി പഞ്ചായത്തിലെ 8 പദ്ധതികൾ എന്നിവ യുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി 2021-22 സാമ്പത്തിക വർഷം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൊടുവള്ളി മണ്ഡലത്തിൽ ജലസേചനവും ഭരണവും വിഭാഗവും കേരള വാട്ടർ അതോറിറ്റിയും നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത മണ്ഡലത്തിൽ ഭൂജലവകുപ്പ് മുഖേന കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ പൂവ്വാറമല കോളനി, ഐ.എച്ച്.ഡി.പി. കോളനി എന്നിവിടങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കൊടുവള്ളി മണ്ഡലത്തിൽ ജലസേചനവും ഭരണവും വിഭാഗത്തിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം (എ)

കൊടുവള്ളി മണ്ഡലത്തിൽ ജലസേചനവും ഭരണവും കാര്യാലയത്തിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ.

| Sl No | Name Of works | Amount in Lakhs | Present status |
|---|---|---|---|
| 1 | Desiltation work in poonurpuzha near Mannilkadavu bridge in division no.33 of KoduvallyMuncipality. | 0.90 | Work started |
| 2 | Desiltation work in poonurpuzha d/s Nellankandi bridge in division no.33 of KoduvallyMuncipality | 1.95 | Wark started |
| 3 | Desiltation work in poonurpuzha u/s of Melepalakuttythookupalam in division.33 of KoduvallyMuncipality | 3.00 | Site handed over |
| 4 | Desiltation work in poonurpuzha near Orlakottu bridge in division no.33 of KoduvallyMuncipality. | 0.55 | Site handed over |
| 5 | RMF - Protecting the left bank of Iruthullypuzha at Nadammal in Omasserypanchayath | 17.75 | work in progress |
| 6 | SDRF – Urgent restoration of bunds of Vayappurath thazham – Palakuzhithazham – Mundupalam thodu in Narikkuni Panchayath Koduvally LA/Kozhikode District | 11.80 | Work will restart after water level in the thodu lowers |
| 7 | FD – Protecting side of Kavumpoyil thodu at Vayappurath thazham in Narikkuni panchayath, Koduvally LA/Kozhikode District | 25.00 | Work will restart after water level in the thodu lowers |
| 8 | MI – Class I construction of check dam at Kaduvakkunnu across Poonur panchayath in Ward No. 15 of Kattippara panchayath | 80.00 | Work Started |

**2020-21 - വർഷത്തിൽ കൊടുവള്ളി മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ**

| പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ ) | നൽകുവാൻ ലക്ഷ്യമിട്ടിട്ടുള്ള കുടിവെള്ള കണക്ഷനുകൾ | നൽകിയ കുടിവെള്ള കണക്ഷനുകൾ |
|---|---|---|---|
| ജല ജീവൻ മിഷൻ - കിഴക്കോത്ത് പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽവാനുള്ള പദ്ധതി | 24.30 | 100 | 111 |
| ജല ജീവൻ മിഷൻ - നരിക്കുനി പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽവാനുള്ള പദ്ധതി | 1569.50 | 6322 | 2511 |
| ജല ജീവൻ മിഷൻ - മടവൂർ പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽവാനുള്ള പദ്ധതി | 17.70 | 50 | 60 |

മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് പുറമെ ഓമശ്ശേരി പഞ്ചായത്തിൽ ഭൂജല വകുപ്പിന്റെ കീഴിൽ 81 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 11.35 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിക്ക്കൂടി ജല ജീവൻ മിഷൻ പദ്ധതിയിൽപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. മേല്പറഞ്ഞ ജല ജീവൻ മിഷൻ പദ്ധതികൾ കൂടാതെ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ ഏറ്റെടുത്തിട്ടുള്ള രണ്ട് പ്രവൃത്തികൾക്ക് കൂടി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **പദ്ധതിയുടെ പേര്** | **ഭരണാനു മതി തീയതി** | **ഭരണാനു മതി തുക ലക്ഷത്തിൽ** | **നിലവിലെ സ്ഥിതി** |
|---|---|---|---|
| കൊടുവള്ളി മുനിസിപ്പാലിറ്റിയിലെ കളരാന്തിരി-വള്ളിപ്പറമ്പ കുടിവെള്ള പദ്ധതി. (5 മീ വ്യാസമുള്ള കിണർ, പമ്പ്ഹൗസ്, പമ്പ് സെറ്റ്, 25 കിലോലിറ്റർ ശേഷിയുള്ള ഉന്നതതല ജല സംഭരണി, പമ്പിങ് മെയിൻ, വിതരണ ശൃംഖല എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെട്ട ഘടകങ്ങൾ) | 17-10-2019 | 47.00 | പദ്ധതി നിർവഹണ സാധ്യത സർട്ടിഫിക്കറ്റ് (ഫീസിബിലിറ്റി) ലഭ്യമായിട്ടുണ്ട്. എന്നാൽ പദ്ധതി നിർവഹണത്തിനാവശ്യമായ സ്ഥലം കേരള വാട്ടർ അതോറിറ്റിക്ക് കൈമാറി കിട്ടിയിട്ടില്ല |
| കൊടുവള്ളി മുനിസിപ്പാലിറ്റിയിലെ ചുണ്ടപുരം പ്രദേശത്തേക്കുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 10-08-2021 | 55.00 | പദ്ധതിക്ക് സാങ്കേതികാനുമതി നല്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

**അനുബന്ധം (ബി)**

കൊടുവള്ളി മണ്ഡലത്തിൽ ജലസേചനവും ഭരണവും കാര്യാലയത്തിന്റെ കീഴിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കാവുന്നതാണ്.

| Sl No | Name Of works | Amount in Lakhs |
|---|---|---|
| 1 | FD- Protecting the left bank of Poonurpuzha at SrambikkalParamabaNellamkandy in Koduvally Municipality. | 14.50 |
| 2 | Protecting the left bank of Iruthullypuzha at Nadammal in OmasseryPanchayath | 19.50 |
| 3 | RMF-Protecting the left bank of Iruthullypuzha on the side of Chakkikkavu-Cholakkara road in OmasseryPanchayath | 64.00 |
| 4 | FD- Protecting the left bank of Poonurpuzhain Palakkamkuzhiparamba at ward No. 1 of Koduvally Municipality. | 18.00 |
| 5 | Protecting the right bank of Iruthullypuzha at Palopalathingal near Koodathai bridge in Thamarassery Municipality | 21.50 |
| 6 | Protecting the right bank of Iruthullypuzha at Mannilthodika in Koduvally Municipality | 16.80 |
| 7 | Protecting the left bank of Poonurpuzha at Kalathilthodikakadavu in Division No. 30 of Koduvally Municipality. | 16.352 |
| 8 | Protecting the left bank of Poonurpuzha atCholakkara - Kalathilthodukayil in Division No. 30 of Koduvally Municipality. | 20.00 |
| 9 | Protecting the right bank of Poonurpuzha near ArambramVennakodeThookkupalam in MadavoorPanchayath | 41.00 |
| 10 | Protecting the right bank of Poonurpuzha at Kottakkavayal in in MadavoorPanchayath | 43.00 |
| 11 | Investigation work for the proposed weir at Kottakkavayal in MadavoorPanchayath in Kozhikode district. | 5.42 |
| 12 | Protecting the right bank of Poonurpuzha near Avilora-Mannilkadavupalam at Ottakandathil, Valiyamannil (Rs. 8718) in ward No. 6 of KizhakothGramaPanchayath | 44.00 |
| 13 | Protecting the right bank of Poonurpuzha at Chonamannilkadavu in KizhakothGramaPanchayath | 81.00 |
| 14 | Improvement works to Kayyelikkal Vazhachira thodu from Vazhapurath mukku – Monnampilakkal to Moozhikkunnu reach in Thamarassery Panchayath | 45.00 |
| 15 | Construction of check dam across Punoor puzha at Thoovakkadavu in Kattippara panchayath | 80.00 |

2021-22 വർഷത്തിൽ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ചുവടെ പറയുന്ന പഞ്ചായത്തുകളിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| പഞ്ചായത്ത് | ഭരണാനുമതി തുക (ലക്ഷത്തിൽ ) | നൽകുവാൻ ലക്ഷ്യമിട്ടിട്ടുള്ള കുടിവെള്ള കണക്ഷനുകൾ |
|---|---|---|
| മടവൂർ | 7517.60 | 7133 |
| താമരശ്ശേരി | 10374.70 | 9844 |
| കിഴക്കോത്ത് | 7867.5 | 7465 |
| ഓമശ്ശേരി | 8845.12 | 8915 |
| കട്ടിപ്പാറ | 1370.13 | 1300 |